കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

**e-mail: dompm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എം.പി.എം 4/439/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി: 23-04-2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

....................

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പെരിന്തൽമണ്ണ** ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി **(http://aims.ksad.kerala.gov.in/esubmission)** അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മലപ്പുറം.

3)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പെർഫോർമൻസ് ഓഡിറ്റ്)മലപ്പുറം.
4)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.എം.പി.എം4/439/2020 തിയ്യതി:23-04-2020

**മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ **പെരിന്തൽമണ്ണ** ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.11.2018 മുതൽ 18.2.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷാജഹാൻ .എ.എസ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.2-2020 മുതൽ 26.2.2020 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ.ടി.കെ.നസ്സീർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.അബ്ദുൽ ഗഫൂർ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷാജഹാൻ ഖുറൈശി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷജീർ.കെ | ഓഡിറ്റർ |

**ബി ) നിർവഹണാധികാരികൾ.**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി. റീന പെട്ടമണ്ണ | 01.04.2018 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ.അഷ്റഫ് പെരുമ്പള്ളി | 01.04.2018 മുതൽ 31.03.2019 വരെ |

<u>നിർവഹണ ഉദ്യോഗസ്ഥർ</u>

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ CHC | ഡോ.ജമീല.സി.കെ | 01.04.18 മുതൽ 31-03 2019 വരെ |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.സുൾഫിക്കർ.എൻ | 01.04.18മുതൽ11-06-2018വരെ |
| | ശ്രീ.ഉമ്മർ.കെ | 12.06.18 മുതൽ31-03-2019വരെ |
| അസിസ്റ്റൻറ് എഞ്ചിനീയർ | ശ്രീമതി.മിനിമോൾ.എൻ | 01.04.18 മുതൽ31-03-2019വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.യശോദ.പി | 01.04.18 മുതൽ05-04-2018വരെ |
| | ശ്രീമതി.ഹേമലത.കെ | 06.04.18 മുതൽ31-05-2018വരെ |
| | ശ്രീമതി.ആയിഷ.പി. | 01-06-18മുതൽ08-07-2018വരെ |
| | ശ്രീമതി.ഇന്ദിര.പി.കെ | 09-07-18 മുതൽ31-03-2019വരെ |
| ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ) | ശ്രീമതി.കബനി.പി.എസ് | 01.04.18 മുതൽ 26-06-2018 വരെ |
| | ശ്രീമതി.രോഹിണി നെല്ലിശ്ശേരി. | 27.06.18 മുതൽ25-07-2018വരെ<br>07.01.19മുതൽ09-02-2019വരെ |
| | ശ്രീമതി.ഉമ്മുസൽമ.എം. | 19.10.18 മുതൽ20-11-2018വരെ |
| | ശ്രീമതി.ജയകുമാരി.ജെ | 26.07.18 മുതൽ18-10-2018വരെ<br>21.11.18 മുതൽ06-01-2019വരെ<br>10.02.19 മുതൽ31-03-2019വരെ |
| കൃഷി അസിസ്റ്റൻറ് ഡയറക്ടർ, | ശ്രീമതി.ബിജുല ബാലൻ (അധിക ചുമതല | 01.04.18 മുതൽ08-04-2018വരെ |
| | ശ്രീമതി.എലിസബത്ത് മാത്യൂ | 09.04.18 മുതൽ31-03-2019വരെ |
| ഡയറി എക്സ്റ്റ്ഷൻ ഓഫീസർ | ശ്രീമതി.സ്മിത ജയിംസ്.പി | |

| | | |
|---|---|---|
| | | 01.04.18 മുതൽ 04-11-2018 വരെ |
| | ശ്രീമതി.സജിത.ടി.വി | 05.11.18 മുതൽ 31-03-2019 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുനിൽ.എ | 01.04.18 മുതൽ 05-06-2018 വരെ<br>05.03.19 മുതൽ 22-03-2019 വരെ |
| | ശ്രീ.വരുൺകെ.പി | 06.06.18 മുതൽ 04-03-2019 വരെ<br>23-03-2019മുതൽ 31-03-2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | മേഴ്സി.എം.ബി | 01.04.18 മുതൽ 17-05-2018 വരെ |
| | ശ്രീ.ഷാജി.കെ.പി | 18.05.18 മുതൽ 20-06-2018 വരെ |
| | ശ്രീ.ശൈലേഷ്.ഐ.പി | 21-06-2018 മുതൽ 24-10-2018 വരെ |
| | ശ്രീ.മുഹമ്മദ് ഇഖ്ബാൽ.കെ | 25-10-2018 മുതൽ 13-11-2018 വരെ |
| | ശ്രീ.മുനീർ റഹ്മാൻ വാഴക്കുണ്ടിൽ | 14-11-2018 മുതൽ 10-12-2018 വരെ |
| | ശ്രീ.പി.ബിജി | 11-12-2018 മുതൽ 27-02-2019 വരെ |
| | ശ്രീ.അബ്ദുൾ റഷീദ്.കെ.പി | 28-02-2019 മുതൽ 31-03-2019 വരെ |

## ഉള്ളടക്കം

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| | | |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ടെണ്ടർഫോമിന്റെ വില ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല. | 1-12 |
| 13 | മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല | 1-13 |
| 14 | ആദായ നികുതി ഈടാക്കിയതിൽ കുറവ് | 1-14 |
| 15 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകൽ- രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല | 1-15 |
| 16 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി- വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-16 |
| 17 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി- ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല | 1-17 |
| 18 | പാലിന് സബ്സിഡി- വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല. | 1-18 |
| 19 | പദ്ധതി നിർവ്വഹണം -1.29 കോടി ലാപ്സാക്കി | 1-19 |
| 20 | മെയിന്റനൻസ് ഗ്രാൻറ് (റോഡിതരം )വകമാറ്റി ചെലവഴിച്ച -തുക തടസ്സപ്പെടുത്തുന്നു | 1-20 |
| 21 | സോളാർ മിനിമാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ | 1-21 |
| 22 | KSEB , KWA , GWD എന്നിവയ്ക്ക് ഡെപ്പോസിറ്റ്, ഗ്രാമ പഞ്ചായത്തുകൾക്ക് സംയുക്ത പ്രൊജക്റ്റിന് തുക നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല | 1-22 |
| 23 | ലാപ്പ് ടോപ്പ് വാങ്ങൽ -അപാകതകൾ | 1-23 |
| 24 | തുല്യതാ പഠനം -രേഖകൾ ഹാജരാക്കിയില്ല | 1-24 |
| 25 | ബ്ലോക്ക് പഞ്ചായത്ത് റെക്കോർഡ് റൂം നിർമ്മാണം -മാർഗ്ഗരേഖയുടെ ലംഘനം | 1-25 |
| 26 | പി.എച്ച്.സി യ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ അപാകതകൾ | 1-26 |
| 27 | ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയം നവീകരണം – അപാകതകൾ | 1-27 |
| 28 | പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് -പ്രൊജക്റ്റ് ലക്ഷ്യം കൈവരിച്ചില്ല. തുക പാഴ്ചെലവ് | 1-28 |
| 29 | കെട്ടിട വാടക – അപാകത | 1-29 |

| | | |
|---|---|---|
| 30 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-28 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| ഇല്ല | | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 31 | പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് -പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല | 3-1 |
| ഭാഗം IV | | |
| 32 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 36 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 40 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 44 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക | 2 |
| 45 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പത്രിക | 3 |
| 46 | ബാലൻസ് ഷീറ്റ് | 4 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

| 2018-19 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത്) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1(1) 13-03-2018 | 1(1) 26-02-2019 |

## 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2019 | 29.05.2019 | - | - |

## 1-3 ധനകാര്യ വിശകലനം.

ധനകാര്യപത്രിക (AFS പ്രകാരമുള്ള വിവരങ്ങൾ)

| ഇനം | വർഷം 2018-19 |
|---|---|
| മുന്നിരിപ്പ് | 8112321.95 |
| വരവ് | 97166614.00 |
| ആകെ | 105278935.95 |
| ചെലവ് | 98986202.00 |
| നീക്കിയിരിപ്പ് | 6292733.95 |

## 1-4 ഫണ്ട് വിനിയോഗം

(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 5453500 | 5453500 | 50899307 | 3635693 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 26281000 | 26281000 | 19358852 | 6922148 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 486000 | 486000 | 400000 | 86000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6465000 | 6465000 | 4152414 | 2312586 |
| സാക്ഷരത | 0 | 115270 | 115270 | 0 | 115270 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) ടി.എസ്.സി | 0 | 18875 | 18875 | 18875 | 0 |
| ഭവനനിധി(HDFC) | 112000 | 925 | 112925 | 109030 | 3895 |
| NIRMAL(Vijaya Bank) | 695429 | 290777 | 986206 | 156691 | 829515 |
| TSB(Own Fund) | 3692966 | 5645231 | 9338197 | 4763633 | 4574564 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| IAY PLAN(Vijaya Bank) | 3611927 | 5926115 | 9538042 | 9538042 | 0 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 155 | 108110894 | 119 | 74818389 | - | 36 | 76.7 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

# 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

# 1-7 ക്ഷേമപദ്ധതികൾ.

ഇല്ല

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.02.2020 രാവിലെ 10.30 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1792 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം.

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മെയി.ഗ്രാന്റ്-റോഡിതരം ഫണ്ട് ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടങ്ങളിൽ മരാമത്ത് പ്രവൃത്തി നടത്തിയത് ക്രമത്തിലല്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.06.19 മുതൽ 31-07-2019 വരെ | 01.04.18 മുതൽ 31-05-2019 വരെ | 20-09-19 |
| എ.ജി ഓഡിറ്റ് | 12.11.19 മുതൽ 19-11-19 വരെ | 2014-15 മുതൽ 2018-2019 വരെ | 20-12-2019 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. RP-43 ഷെഡ്യൂൾ പ്രകാരം വാടക ഇനത്തിൽ 50,631 രൂപ വരവുണ്ട്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം 64,440 രൂപയാണ് വരവ്.

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം തൻവർഷ വാടക ഇനത്തിൽ 2,118 രൂപ പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്. എന്നാൽ രജിസ്റ്റർ പ്രകാരം ആയത് 2,500 രൂപയാണ്.

3.. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a) പ്രകാരം capital work in progress ആയി 2,57,199 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം other advances ഇനത്തിൽ 3,13,274 രൂപ ക്രമീകരിക്കാനവശേഷിക്കുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7പ്രകാരം 10,77,835 രൂപ ഡെപ്പോസിറ്റ് ഉണ്ട്. എന്നാൽ ഡെപ്പോസിറ്റ് റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറുന്നതിനു മുമ്പുള്ള ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

8 . മുൻ വാർഷിക കണക്കിലെ (2017-18) അപാകതകൾ പരിഹരിച്ച് മറുപടി സമർപ്പിച്ചിട്ടില്ല.

## 1-12 ടെണ്ടർഫോമിന്റെ വില ബ്ളോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല.

GO(MS) No 232/2013/LSGD/25-06-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. മേലുത്തരവ് പ്രകാരം ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് 2018-19വർഷം ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായിട്ടില്ല. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ആകെ 224330 രൂപ ലഭിക്കാനുണ്ട്. ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും GST ഈടാക്കിയില്ല

CBEC Notification No.50/2018 തി.13.9.2018 പ്രകാരം 1.10.18 മുതൽ നൽകുന്ന പേയ്മെന്റിൽ നിന്നും GST 2% ഈടാക്കേണ്ടതുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും GST ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

| ക്രമ നം | പ്രവൃത്തി | കരാറുകാരൻ | നൽകിയ തുക | ഈടാക്കേണ്ട GST | ബിൽ നം./ തിയ്യതി |
|---|---|---|---|---|---|
| 1 | തറവാട്ടു എസ്സ്.സി | പി.ശിഹാബുദ്ദീൻ | ആകെ | 10000 | 2/31.10.18 |

| | | | | | |
|---|---|---|---|---|---|
| | കോളനി സമഗ്ര വികസനം(160/19) | | മൂല്യനിർണ്ണയം 500000<br>(-) 5000(IT)<br>(-) 5000 (kcwwf)<br>---------------<br>490000 | | |
| 2 | വടക്കഞ്ചേരി എസ്സ്.സി കോളനി കുടിവെള്ള പദ്ധതി(148/10) | അബ്ദുറഹീം.എം.പി | ആകെ മൂല്യനിർണ്ണയം 449740<br>(-)4497(IT)<br>(-)4497(kcwwf)<br>---------------<br>440746 | 8995 | 3/31.10.18 |
| 3 | വേങ്ങൂൽ വടക്കേക്കര എസ്സ്.സ് കോളനി കുടിവെള്ള കിണർ പുനരുദ്ധാരണം(162/19) | മുഹമ്മദ് റഫീഖ് | ആകെ മൂല്യനിർണ്ണയം 407681<br>(-)4077(IT)<br>(-)4077(kcwwf)<br>----------------<br>399527 | 8154 | 4/31.10.18 |
| 4 | തോട്ടിൻകര തോടിനു തടയണ നിർമ്മാണം(145/19) | കെ.എം.ലൂക്കോസ് | ആകെ മൂല്യനിർണ്ണയം 779744<br>(-)500000 (part bill)<br>(-)2797(IT)<br>(-)2797(kcwwf)<br>---------------<br>274150 | 15595 | 5/31.10.18 |
| 5 | കാവും പടി ഇല്ലത്തും പടി റോഡ് ഇംപ്രൂവ്മെന്റ്(150/19) | ഷംസുദ്ദീൻ.ടി | ആകെ മൂല്യനിർണ്ണയം 451203<br>(-)4512(IT)<br>(-)4512(kcwwf)<br>---------------<br>442179 | 9024 | 6/31.10.18 |
| | | | | ആകെ 51768 | |

GSTഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം. /25.2.2020) നൽകിയതിന് 1.10.2018 ന് മുമ്പ് പൂർത്തിയാക്കിയ പ്രവൃത്തികളായതിനാലാണ് ഈടാക്കാതിരുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. മറുപടി തൃപ്തികരമല്ല. ഈടാക്കാൻ വിട്ടുപോയ

.എസ്.ടി ഇനത്തിലെ ചെലവ് തുക തടസ്സം ചെയ്യുന്നു. അധികം നൽകിയ തുക കരാറുകാരിൽ നിന്നീടാക്കി, GST ടവാക്കി അക്കാര്യം അറിയിക്കേണ്ടതാണ്.

## 1-14 ആദായ നികുതി ഈടാക്കിയതിൽ കുറവ്

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് 2% ആദായ നികുതി ഈടാക്കേണ്ടതാണെന്നിരിക്കെ ചുവടെ കാണിച്ച പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നൽകിയപ്പോൾ 2% ആദായ നികുതിക്ക് പകരം 1% ആണ് കുറവ് ചെയ്തിട്ടുള്ളത്. ആദായ നികുതി കുറവ് ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | നൽകിയ തുക | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| അട്ടീരിപ്പാറ അംഗൻവാടി റിപ്പയർ(164/19)<br>ബിൽ 42/18-19 തി.26.3.19<br>M.Book 2/18-19<br>കൺവീനർ- റസിയ പി.കെ | ആകെ മൂല്യ നിർണ്ണയം 939279-<br>kcwwf-9393<br>IT- 9393<br>CGST-9393<br>SGSt -9393<br>-------------------<br>കൺവീനർക്ക് നൽകിയത് 901707 | 18786 | 9393 | 9393 |

ഓഡിറ്റ് എൻക്വയറി (നം.19/26.2.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആദായ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകൽ- രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

പ്രൊജക്ട് - ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകൽ

നം - S0035/2019

അടങ്കൽ - 15,80,000 (വികസനഫണ്ട് - ജനറൽ)

ബിൽ നം.02/22-01-2019 : 15,78,900

സി.ഡി.പി.ഒ. നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം 20 ഗുണഭോക്താക്കൾക്ക് 78,945 രൂപ വീതം വിലയുള്ള മുച്ചക്ര വാഹനം വാങ്ങി നൽകിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. വാഹനങ്ങൾ ഗുണഭോക്താക്കളുടെ പേരിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. ശ്രീ. മുഹമ്മദ് നൗഫൽ, തെക്കേപ്പുറം, ആനമങ്ങാട്, ശ്രീ. രാജുമോൻ, പരുന്താണി ഹൗസ്, ചെമ്മാണിയോട് എന്നീ ഗുണഭോക്താക്കളുടെ ലേണേഴ്സ് ലൈസൻസ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 1578900 രൂപ തടസ്സം ചെയ്യുന്നു.

# 1-16 പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി- വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയില്ല.

പ്രൊജക്ട് – പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി (നം - S0034/2019)

അടങ്കൽ -5,78,000 (വികസനഫണ്ട്-ജനറൽ)
ബിൽ നം.02/18-07-2018 : 4,93,000

ബിൽ നം.06/20-03-2019 : 85,000

കൃഷി അസി.ഡയറക്ടർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ആറ് ഗ്രാമ പഞ്ചായത്തുകൾക്ക് പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് ഇനത്തിൽ സബ്സിഡി വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | നൽകിയ വിഹിതം |
|---|---|---|
| 1 | മേലാറ്റൂർ | 68,000 |
| 2 | കീഴാറ്റൂർ | 85,000 |
| 3 | ഏലംകുളം | 85,000 |

വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 1-17 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി- ചെലവഴിക്കാത്ത തുക തിരികെ ഈടാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് /പേര് : 033/19-<br>നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | അടങ്കൽ -24,23,500 (വികസന ഫണ്ട് - ജനറൽ)<br>ചെലവ് -24,23,500/- |
| നിർവ്വഹണം -എ.ഡി.എ | ബിൽ നം.01/18-07-2018 : 23,63,000<br>ബിൽ നം.03/29-09-2018 : 60,500 |

കൃഷി അസി.ഡയറക്ടർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ആറ് ഗ്രാമ പഞ്ചായത്തുകൾക്ക് നെൽകൃഷിക്ക് കൂലിച്ചെലവ് ഇനത്തിൽ സബ്സിഡി വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകൾ തുകകൾ ചെലവഴിച്ചിട്ടില്ല-

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | നൽകിയ വിഹിതം | ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 1 | മേലാറ്റൂർ | 25,500 | 0 | 25,500 |
| 2 | കീഴാറ്റൂർ | 1,27,500 | 0 | 1,27,500 |
| 3 | ആലിപ്പറമ്പ് | 5,52,500 | 5,31,250 | 21,250 |

ചെലവഴിക്കാത്ത തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 പാലിന് സബ്സിഡി- വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയില്ല.

പ്രൊജക്ട് – പാലിന് സബ്സിഡി

നം - S0039/2019

**അടങ്കൽ** - 8,00,000 (വികസനഫണ്ട് - ജനറൽ)

**ബിൽ നം.**02/21-03-2019 : 67,000

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം നാല് ഗ്രാമ പഞ്ചായത്തുകൾക്ക് പാലിന് സബ്സിഡി വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ഏ്വലംകുളം ഗ്രാമപഞ്ചായത്തിന് നൽകിയ 67,000രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-

വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കുന്നതുവരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 1-19 പദ്ധതി നിർവ്വഹണം -1.29 കോടി ലാപ്സാക്കി

2018-19 ലെ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാൻറ് | വരവ് | ചെലവ് | ബാക്കി |
|---|---|---|---|
| പ്ലാൻ ജനറൽ | 54535000 | 50899307 (93%) | 3635693 |
| പ്ലാൻ എസ്.സി.പി | 26281000 | 19358852 (73%) | 6922148 |
| പ്ലാൻ ടി.എസ്.പി | 486000 | 400000 (82%) | 86000 |
| നോൺ റോഡ് | 6465000 | 4152414 (64%) | 2312586 |
| ആകെ | 87767000 | 74810573 (85%) | 12956427 |

ബ്ലോക്ക് പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 8.7 കോടി രൂപയിൽ 1.29 കോടി രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ ലാപ്സാവുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിന്റെ വികസനത്തിനും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിന് സർക്കാർ ധനസഹായമായി ആകെ 87767000 രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 7.40 കോടി രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

ഓഡിറ്റ് വർഷത്തെ പ്രൊജക്ടുകൾ 2018 ഫെബ്രുവരി മാസത്തിൽ തന്നെ തയ്യാറാക്കി അംഗീകാരം വാങ്ങിക്കുകയും സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതി നിർവ്വഹണം ആരംഭിച്ചതുമാണ്. എന്നിട്ടും പദ്ധതികൾ പലതും പൂർത്തീകരിക്കാൻ കഴിയാതിരുന്നത് വീഴ്ചയാണ്. പദ്ധതി നിർവ്വഹണത്തിൽ സ്റ്റാന്റിങ് കമ്മിറ്റികളും വർക്കിങ് ഗ്രൂപ്പുകളുമൊന്നും മേൽ നോട്ടം വഹിക്കുകയോ, ഫലപ്രദമായി ഇടപെടുകയോ ചെയ്യുന്നില്ല എന്നും ഇതിൽ നിന്ന് വ്യക്തമാണ്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതിയും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങൾ ഗ്രാമ സഭകളിൽ നിന്നും, ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും

കാരണമാകുന്നതാണ്. മുൻ വർഷവും ഇത്തരത്തിൽ ഒരു കോടിയിലധികം രൂപ ലാപ്സായി എന്നത് ബ്ലോക്ക് പഞ്ചായത്ത് ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല എന്നതിന് തെളിവാണ്.

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവർത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)വകമാറ്റി ചെലവഴിച്ചു - തുക തടസ്സപ്പെടുത്തുന്നു

മെയിന്റനൻസ് ഗ്രാൻറ് (റോഡിതരം) വിനിയോഗം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, അനുബന്ധ ആവശ്യങ്ങൾ എന്നിവയ്ക്ക് തുക ചെലവഴിക്കാനാണ് നിർദ്ദേശമുള്ളത്. എന്നാൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്ടുകളിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടിയുള്ള ചെലവുകളാണ്. മെയിന്റനൻസ് ഗ്രാൻറ് (റോഡിതരം) വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടങ്ങൾക്ക് വേണ്ടിയുള്ള താഴെപ്പറയുന്ന പ്രൊജക്ടുകളിലെ ചെലവ് തുക സർക്കാർ അനുമതി ലഭ്യമാകുന്നതുവരെ തടസ്സപ്പെടുത്തുന്നു

| പ്രൊജക്ട് നം./പേര് | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|
| 21/19 ബ്ലോക്ക് പഞ്ചായത്ത് റിക്കാർഡ് റൂം നിർമ്മാണം | 580000 | 491547 (M.G.N.R) | 86/18-19/5-3-19 |
| 131/19 ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയം നിർമ്മാണം | 460178 | 296029 (M.G.N.R) | 49/18-19/7.11.18 |
| 132/19 ബ്ലോക്ക് പഞ്ചായത്ത് ബോർഡ് റൂം സ്ഥാപിക്കൽ | 1112653 | 678422 (M.G.N.R) | 50/18-19/7.11.18 |
| 134/19 ബ്ലോക്ക് പഞ്ചായത്ത് പ്രൊജക്ടർ സ്ഥാപിക്കൽ | 350440 | 98950 (M.G.N.R) | 7/18-19/14.5.18 |
| 135/19 -ബ്ലോക്ക് പഞ്ചായത്തിന് കമ്പ്യൂട്ടർ വാങ്ങൽ | 400000 | 400000(M.G.N.R) | 4/18-19/14.5.18 |
| 137/19-ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം വൈദ്യുതീകരണം | 150000 | 142000 (M.G.N.R) | 10/18-19/14.5.18 |
| ആകെ | | 1319372/- | |

## 1-21 സോളാർ മിനിമാസ്റ്റ് സ്ഥാപിക്കൽ -അപാകതകൾ

| | |
|---|---|
| പ്രൊജക്ട് -എസ്.സി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ (140/19)-സ്പിൽ ഓവർ നിർവ്വഹണം- ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | അടങ്കൽ-3896000 |
| ചെലവ് -3653793 (എഗ്രിമെന്റ് നമ്പർ 11/17- | ബിൽ നം-34/18-19/13.9.2018 |

| | |
|---|---|
| 18/22.3.2018<br>പ്രകാരം 22.4.2018 ന് പൂർത്തീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നു) | 1968846/-<br>ബിൽ നം-63/18-19/30.11.2018 -1684947/- |

1.ബ്ലോക്ക് പഞ്ചായത്തുകൾക്ക് തെരുവ് വിളക്കുകൾ (സോളാർ ഉൾപ്പടെ) സ്ഥാപിക്കാൻ സർക്കാർ മുൻകൂർ അനുമതി ലഭ്യമാക്കിയത് ഹാജരാക്കേണ്ടതാണ്.

2.പൊതുമരാമത്ത് പ്രവൃത്തി നിർവ്വഹണം നടത്തുമ്പോൾ ഈടാക്കേണ്ട ആദായ നികുതി (2%) നി.തൊ.ക്ഷേമനിധി (1%) ടി.ഡി.എസ് (1.10.2018 മുതൽക്ക് 2%) എന്നിവ ഈടാക്കി അടവാക്കിയതിൻറ വിവരം (IT2% – 73075, W.F1% – 36537, GST 2% – 33699)
3. സോളാർ സ്ഥാപിക്കുന്നതിനുള്ള സർക്കാറിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയത് ഹാജരാക്കിയിട്ടില്ല.
4. സ്ഥാപനത്തിന്റെ ഗ്യാരന്റി കാർഡ് ഹാജരാക്കിയിട്ടില്ല.
5. സ്ഥാപിച്ചവയുടെ വാർഷിക അറ്റകുറ്റപ്പണികൾ പഞ്ചായത്തുകളെ രേഖാമൂലം ഏൽപ്പിച്ചിട്ടില്ല. തുക 3653793 രൂപ തടസ്സപ്പെടുത്തുന്നു. (എൻക്വയറി 2/18-19/22-02-2020)

(2)

| | |
|---|---|
| പ്രൊജക്ട് -എസ്.സി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ(25/19)<br>നിർവ്വഹണം- ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | അടങ്കൽ-6229000 |
| ചെലവ് -6229000 (Agt no-8/18-19/12.11.2018 ) | ബിൽ നം-95/18-19/13.9.2019<br>(ക്യൂബിൽ ) |

**<u>അപാകതകൾ</u>**

1.ബ്ലോക്ക് പഞ്ചായത്തുകൾക്ക് തെരുവ് വിളക്കുകൾ (സോളാർ ഉൾപ്പടെ) സ്ഥാപിക്കാൻ സർക്കാർ മുൻകൂർ അനുമതി ലഭ്യമാക്കിയത് ഹാജരാക്കേണ്ടതാണ്.

2.പൊതുമരാമത്ത് പ്രവൃത്തി നിർവ്വഹണം നടത്തുമ്പോൾ ഈടാക്കേണ്ട ആദായ നികുതി (2%) നി.തൊ.ക്ഷേമനിധി (1%) ടി.ഡി.എസ് (1.10.2018 മുതൽക്ക് 2%) നിരക്കിൽ (IT – 124580, W.F1% – 62290, GST 2% – 124580) എന്നിവ ഈടാക്കി അടവാക്കിയതിൻറ വിവരം ലഭ്യമല്ല.

3. സോളാർ സ്ഥാപിക്കുന്നതിനുള്ള അനർട്ടിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയത് ഹാജരാക്കിയിട്ടില്ല.

4. സ്ഥാപനത്തിന്റെ ഗ്യാരന്റി കാർഡ് ഹാജരാക്കിയിട്ടില്ല.
5. സോളാർ ലൈറ്റിനുള്ള GST 5% (2.5%+2.5% ) ആണ്. എന്നാൽ രണ്ടാമത്തെ പ്രവൃത്തിയിൽ GST 12% ഈടാക്കിയിട്ടുണ്ട്. കാരണം വ്യക്തമാക്കിയിട്ടില്ല.
6. സ്ഥാപിച്ചവയുടെ വാർഷിക അറ്റകുറ്റപ്പണികൾ പഞ്ചായത്തുകളെ രേഖാമൂലം ഏൽപ്പിച്ചിട്ടില്ല. (ക്യൂ ബിൽ) (എൻക്വയറി നം. 2/18-19/22-02-2020, 11/18-19/24-02-2020 എന്നിവ നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല).

**മേൽ രണ്ട് പ്രവൃത്തികളും** SILK, ആലപ്പുഴ, തുറവൂരിന് നേരിട്ട് നിർവ്വഹണം ഏൽപ്പിച്ചുവെങ്കിലും "ഹൈക്കോൺ "എന്ന സ്വകാര്യ സ്ഥാപനമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്.

മേൽ പറഞ്ഞ കാരണങ്ങളാൽ ചെലവു തുക ആകെ 9882793 രൂപ (3653793 + 6229000) തടസ്സപ്പെടുത്തുന്നു.

## 1-22 KSEB, KWA GWD എന്നിവയ്ക്ക് ഡെപ്പോസിറ്റ്, ഗ്രാമ

# പഞ്ചായത്തുകൾക്ക് സംയുക്ത പ്രൊജക്ടിന് തുക നൽകൽ -വിനിയോഗ വിവരം ലഭ്യമല്ല

1.ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള സംയുക്ത പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ്, കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം, എഗ്രിമെൻറ് എന്നിവ ലഭ്യമാക്കിയിട്ടില്ല. താഴെ പറയും പ്രകാരമുള്ള ചെലവു തുക 23619936/-രൂപ തടസ്സപ്പെടുത്തുന്നു.

| പ്രൊജക്ട് നം./പേര് | ചെലവ് | ബിൽ നം. , തുക | സ്ഥാപനം |
|---|---|---|---|
| 88/19 -പറമ്പൂർ എസ്.സി കോളനി കുടിവെള്ള പദ്ധതി | 592330 | (1)40/18-19/11.10.2018 -32330<br>70/18-19/17.1.19 -560000<br>ആകെ -592330/- | കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ്, മലപ്പുറം |
| 93/19 -കാവുംപുറം കോളനി കുടിവെള്ള പദ്ധതി | 31770 | 41/18-19/26.10.18 -31770 | കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ്, മലപ്പുറം |
| 94/19 -പാലക്കാക്കുഴി കുടിവെള്ള പദ്ധതി | 484910 | 42/18-19/26.10.18 -34910<br>76/18-19/23.1.19 -450000<br>ആകെ 484910/- | കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ്, മലപ്പുറം |
| 101/19-വടക്കൻ പാലൂർ കു.വെ.പ ത്രീഫേസ് ലൈൻ വലിക്കൽ | 278000 | 43/18-19/26.11.18-278000 | കെ.എസ്.ഇ.ബി,<br>പെരിന്തൽ മണ്ണ |
| 104/19-വിളക്കത്രപ്പാറ പൈപ്പ് ലൈൻ നീട്ടൽ | 300000 | 77/18-19/12.1.19-300000 | കേരള വാട്ടർ അതോറിറ്റി മലപ്പുറം |
| 106/ആലിപ്പറമ്പ് മിനിസ്റ്റേഡിയം വിഹിതം നൽകൽ | 500000 | 25/18-19/18.7.18-500000 | ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് |
| 121/19 -മാലപ്പറമ്പ് കരിങ്ങപള്ളി പൈപ്പ് ലൈൻ നീട്ടൽ | 700000 | 700000/-<br>26/18-19 തീ.11.8.18 | കേരള വാട്ടർ അതോറിറ്റി മലപ്പുറം,U/C ഹാജരാക്കിയിട്ടില്ല |
| 173/19 – ലൈഫ് മിഷൻ പഞ്ചാ. വിഹിതം നൽകൽ | 10189100 | 35/18-19 തീ.17.9.18-1371168 | ആലിപ്പറമ്പ് -945633<br>അങ്ങാടിപ്പുറം -945633<br>എലംകുളം -969275<br>കീഴാറ്റൂർ -567380<br>മേലാറ്റൂർ -425535 |

| | | | |
|---|---|---|---|
| | | | പുലാമന്തോൾ -4704426<br>താഴേക്കോട് -1276605<br>വെട്ടത്തൂർ -354613 |
| 180/19 കുതിരപ്പാറ കനാൽ പൈപ്പ് ലൈൻ നീട്ടൽ | 380000 | 70/18-19/24.12.18 -380000 | കേരള വാട്ടർ അതോറിറ്റി മലപ്പുറം - U/Cഹാജരാക്കിയിട്ടില്ല |
| 185/19 -ഉുത അംഗനവാടി വിഹിതം നൽകൽ | 300000 | 69/18-19/20.2.19 -300000/- | ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് |
| 192/19 -ലാപ്പ് ടോപ്പ് വിഹിതം നൽകൽ (എസ്.സി ) | 950000 | 72/18-19/14.1.19 -350000<br>64/18-19/11.12.18 -600000<br>ആകെ-950000/- | താഴെക്കോട് -450000<br>ആലിപ്പറമ്പ് -300000<br>പുലാമന്തോൾ -200000 |
| 194/19-കോതപ്പറം എസ്.സി കുടിവെള്ള പദ്ധതി | 40000 | 94/18-19 /4.3.19 -40000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് |
| 211/19 -മേലേ അരിപ്ര കോളനി പൈപ്പ് ലൈൻ നീട്ടൽ | 400000 | 98/18-19/26.3.19 -400000 | കേരള വാട്ടർ അതോറിറ്റി |
| 212/19 -കരുവാത്തക്കുന്ന് അംഗനവാടിക്ക് വിഹിതം | 59000 | 82/18-19/13.2.19 -59000 | വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത് |
| 213/19 വൈലോങ്ങര പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 61296 | 731/18-19/17.1.19-61296 | കേരള വാട്ടർ അതോറിറ്റി എഗ്രിമെന്റ് ഇല്ല |
| 210/19- പാലക്കുണ്ട് കോളനി കുടിവെള്ള പദ്ധതി വിഹിതം | 950000 | 59/18-19/26.11.18-950000 | വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത് |
| 217/19 -ഉുത കുടിവെള്ള പദ്ധതി | 36330 | 85/18-19/25.2.19 -36330 | ആലിപ്പറമ്പ് ഗ്രാമ പഞ്ചായത്ത് |
| 222/19 -തെക്കൻമല കുടി വെള്ള പദ്ധതി -ജില്ലാപഞ്ചാ. വിഹിതം | 300000 | 91/18-19/20.3.19 -300000 | മലപ്പുറം ജില്ലാ പഞ്ചായത്ത് |
| 224/19 വാട്ടർ ടാങ്ക് (എസ്.സി) വിഹിതം നൽകൽ | 219300 | 92/18-19/20.3.19 - 219300 | പുലാമന്തോൾ ഗ്രാ.പ |
| ആകെ | 17132036 | | |

## 1-23 ലാപ്പ് ടോപ്പ് വാങ്ങൽ -അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം. /പേര് : 134/19-ലാപ്പ് ടോപ്പ് പർച്ചേസ് | അടങ്കൽ -350440/- (MGNR ) |

| | |
|---|---|
| ചെലവ് -98950/-<br>നിർവ്വഹണം -ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | ബിൽ നം-7/18-19/13.5.18 |

മേൽ പ്രോജക്ട് പ്രകാരം നിസ്ഡൻ ഇൻഫോവെയ്സ്, പെരിന്തൽമണ്ണ യ്ക്ക് ടെണ്ടർ ലഭിച്ചത് പ്രകാരം താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

1.ലാപ്പ് ടോപ്പ് -1 (വൈസ്.പ്രസിഡൻറ്,ബ്ലോക്ക് പഞ്ചായത്ത് )
2.പ്രിൻറർ - 3 (കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് )
3.ലാപ് ടോപ്പ് ബാഗ് - 1 (വൈസ്.പ്രസിഡൻറ് )

**അപാകതകൾ**

1.വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല (സ്റ്റോക്ക് രജിസ്റ്റർ ).
2. സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയിട്ടില്ല.
3.സ്പെസിഫിക്കേഷൻ സംബന്ധിച്ച് ടെക്നിക്കൽ അസിസ്റ്റന്റിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .
4.മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

5. ഗ്യാരൻറി (3 വർഷം) സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.
മേൽ കാരണങ്ങളാൽ ചെലവ് തടസ്സപ്പെടുത്തുന്നു.
എൻക്വയറി നം.4/18-19/22.2.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

# 1-24 തുല്ല്യതാ പഠനം -രേഖകൾ ഹാജരാക്കണം

| | |
|---|---|
| പ്രൊജക്ട് നം. /പേര് : 16/19 തുല്ല്യതാ പഠനം | അടങ്കൽ -300000- (പ്ലാൻ ജന. ) |
| ചെലവ് -299700/-<br>നിർവ്വഹണം -ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ബിൽ നം-39/18-19/20.10.18-100000<br>ബിൽ നം 90/18-19/12.3.19 -199700 |

ബ്ലോക്ക് പഞ്ചായത്തിൻറ കീഴിൽ ഉള്ള പഞ്ചായത്തുകളിലെ എസ്.എസ്.എൽ .സി,പ്ലസ്സ് ടു പാസ്സാവാത്ത യുവാക്കൾക്ക് പ്രയോജനം ലഭ്യമാക്കുന്നതിന്ന് വേണ്ടി പഞ്ചായത്തുകൾ അംഗീകരിച്ച് സമർപ്പിച്ച ഗുണഭോക്തൃ ലിസ്റ്റ് അടിസ്ഥാനത്തിൽ തുക ലിറ്ററസി മിഷന് കൈമാറിയിട്ടുണ്ട് . പ്രോജക്ടിലെ ചെലവു വിവരം ചുവടെ ചേർക്കുന്നു.

എസ്.എസ്.എൽ .സി തുല്യത -50 പേർ @1750 =87500
പ്ലസ്സ് ടു തുല്ല്യത -51 പേർ @ 2200 =112200

ഗുഡ് ഇംഗ്ലീഷ് -50 പേർ @ 2000 =100000
ആകെ =299700/-

**അപാകതകൾ**

1.ലിറ്ററസി മിഷന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല
2.പഠിതാക്കൾ പരീക്ഷ എഴുതി, സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
3.മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല .
മേൽ കാരണങ്ങളാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.
എൻക്വയറി നമ്പർ നം.5/18-19/12.2.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

# 1-25 ബ്ലോക്ക് പഞ്ചായത്ത് റെക്കോർഡ് റൂം നിർമ്മാണം -മാർഗ്ഗരേഖയുടെ ലംഘനം

| | |
|---|---|
| പ്രൊജക്ട് നം./പേര് : 21/19 ബ്ലോക്ക് പഞ്ചായത്ത് റെക്കോർഡ് റൂം സ്ഥാപിക്കൽ | അടങ്കൽ -580000/- (എം.ജി. (റോഡിതരം ) |
| ചെലവ് -493547/-(422038+GST 71509)<br>നിർവ്വഹണം -ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ബിൽ നം-86/18-19/24.2.2019 |

പ്രവൃത്തി ARTCO, തൃശ്ശൂർ ന് നേരിട്ട് നിർവ്വഹണം ഏൽപ്പിച്ചു. മേൽ ബിൽ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ റെക്കോർഡ് റൂമിൽ (1) മൾട്ടിവുഡ് ഡോർ 8.27 സ്ക്വയർ മീറ്റർ, (2)റാക്ക് കവറിങ് വിത്ത് മൾട്ടി വുഡ് 16.30 സ്ക്വയർ മീറ്റർ എന്നിവ നിർവ്വഹണം നടത്തിയ ഇൻവോയ്സ് (നം 548/28.12.2018) പ്രകാരം ബില്ലുകൾ ലഭ്യമാക്കിയിട്ടുണ്ട്.

<u>അപാകതകൾ</u>

1.ബ്ലോക്ക് പഞ്ചായത്തിന് നൽകിയ ഇൻവോയ്സ്/ ബിൽ എൻജിനിയർ വാല്വേഷൻ നടത്തിയിട്ടില്ല.

2.മരാമത്ത് പ്രവൃത്തി ടെണ്ടർ മുഖേന നിർവ്വഹണം നടത്തുമ്പോൾ ഈടാക്കേണ്ട ആദായ നികുതി ( 422038x2% =8440) ക്ഷേമനിധി (422038x1% =4220) ടി.ഡി.എസ് (1-10-2018 മുതൽ 2% 422038 x 2% =8440 എന്നിവ ഈടാക്കി അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3.തുക കൈപ്പറ്റിയ രശീതി ഹാജരാക്കിയിട്ടില്ല.
4.മെയി.ഗ്രാന്റ് വിനിയോഗത്തിനുള്ള മാർഗ്ഗ നിർദ്ദേശപ്രകാരം ബ്ളോക്ക്പഞ്ചായത്തു ഓഫീസ് കെട്ടിട റിപ്പയറിന്
മെയി.ഗ്രാന്റ് ചെലവഴിച്ചത് ക്രമത്തിലല്ല.
5.മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

# 1-26 പി.എച്ച്.സി. യ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ - അപാകതകൾ

<u>1-26 പി.എച്ച്.സി. യ്ക്ക് ഫർണ്ണിച്ചർ വാങ്ങൽ - അപാകതകൾ</u>

| | |
|---|---|
| പ്രൊജക്ട് നം./പേര് : 20/19<br>പി.എച്ച്.സി. യ്ക്ക് ഫർണ്ണിച്ചർ | അടങ്കൽ -300000/-<br>(പ്ലാൻ ) |
| ചെലവ് - 299771/-<br>നിർവ്വഹണം - സെക്രട്ടറി | ബിൽ നം-44/18-19/26.11.2018<br>ആകെ - 299771/-<br>(254043 + 45728 GST) |

മേലാറ്റൂർ പി.എച്ച്.സി. യിൽ ഫർണ്ണിച്ചർ വാങ്ങുന്നതിനുള്ളതാണ് മേൽ പ്രൊജക്ട്. ARTCO, കോഴിക്കോടിന്, നേരിട്ട് നിർവ്വഹണം ഏൽപ്പിച്ച മേൽ പ്രോജക്ടിൽ ഫർണ്ണിച്ചർ വിതരണം ചെയ്തതിന്റെ ബില്ലുകൾ ലഭ്യമാക്കിയിട്ടുണ്ട്.

അപാകതകൾ

1. പ്രവൃത്തി നിർവ്വഹണം നടത്തുമ്പോൾ ഈടാക്കേണ്ട ടി.ഡി.എസ് (1-10-2018 മുതൽക്ക് 2%) ഈടാക്കി അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല (2540 x 2 = 5080)
2. മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
3. സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല (ബ്ലോക്ക് പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ)

ചെലവു തുക തടസ്സപ്പെടുത്തുന്നു.

# 1-27 ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയം നവീകരണം- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം./പേര് : 131/19-ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയം നവീകരണം | അടങ്കൽ-815000(മെയി.ഗ്രാന്റ് റോഡിതരം) |
| ചെലവ് -354822 /-(17-18 Advance )<br>ചെലവ് -296029 (18-19)<br>ആകെ – 650851<br>നിർവ്വഹണം -ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ബിൽ നം-49/18-19/26.10.18<br>എഗ്രിമെന്റ് -5/17-18/13.11.17 |

ബ്ലോക്ക് പഞ്ചായത്ത് വക ഓഡിറ്റോറിയം നവീകരണം നടത്തുന്നതിനുള്ള മേൽ പ്രവൃത്തി KADCO, കോഴിക്കോടിന് നേരിട്ട് പ്രവൃത്തി നിർവ്വഹണം ഏൽപ്പിച്ചതാണ്. പ്രവൃത്തി പൂർത്തീകരിച്ച് സ്ഥാപനം ബില്ലുകൾ ലഭ്യമാക്കിയിട്ടുണ്ട്.

<u>അപാകതകൾ</u>

1. മെയിന്റനൻസ് ഗ്രാൻറ് (റോഡിതരം) ഉപയോഗിച്ച് ബ്ളോക്ക് പഞ്ചായത്തിന്റെ ഓഡിറ്റോറിയം നവീകരിച്ചത് മാർഗ്ഗ രേഖയുടെ ലംഘനമാണ്.

2.പൊതു മരാമത്ത് പ്രവൃത്തി നിർവ്വഹണം നടത്തുമ്പോൾ ഈടാക്കേണ്ട ആദായ നികുതി (2%) ക്ഷേമനിധി (1%) എന്നിവ ഈടാക്കി അടവാക്കിയതിന്റെ വിവരം ലഭ്യമാക്കണം (IT-657425 x2% =13148 WF -1%=6574 TDS -2% =13148 )

3.KADCO സമർപ്പിച്ച ബില്ല് പ്രകാരമുള്ള പ്രവൃത്തി ബ്ളോക്ക് പഞ്ചായത്ത്എൻജിനിയർ വാല്വേഷൻ നടത്തിയിട്ടില്ല.

4.മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.
മേൽ അപാകതകൾ കാരണം ചെലവു തുക തടസ്സപ്പെടുത്തുന്നു.
എഗ്രിമെൻറ് പ്രകാരം 31.3.2018 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി 27.10.2018 ന് മാത്രമാണ് ബില്ല് സമർപ്പിച്ചത് എന്നാൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല (6574/-രൂപ മാത്രം ഈടാക്കി ). നിയമാനുസൃത പിഴ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. എൻക്വയറി നമ്പർ 14/18-19/25.2.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

# 1-28 പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്- അപാകതകൾ

ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ (1)പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്(156/18), (2)പ്ളാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് വൈദ്യുതീകരണം(138/18) എന്നീ പ്രോജക്ടുകൾക്കായി യഥാക്രമം

982948/- രൂപയും 323256/- രൂപയും ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചെങ്കിലും നാളിതുവരെ ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കാൻ സാധിക്കാത്തതുമൂലം ചെലവു തുക പാഴ്ചെലവായി. പ്രോജക്ട് സംബന്ധിച്ച അപാകതകൾ വിശദമായി ഖണ്ഡിക 3-(1) ആയി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-29 കെട്ടിട വാടക – അപാകത

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ വാടകക്ക് നൽകാവുന്നവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ മുൻ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നെങ്കിലും ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങൾ 2018-19 വർഷത്തിലും ഉപയോഗപ്രദമാക്കിയിട്ടില്ല. ആറ് കെട്ടിടങ്ങളിൽ രണ്ടെണ്ണം മാത്രമാണ് 2018-19 വർഷത്തിൽ വാടകക്ക് നൽകിയിട്ടുള്ളത്.

| ക്രമ നമ്പർ | കെട്ടിടങ്ങൾ |
|---|---|
| 1 | IRDP വിപണന കേന്ദ്രം |
| 2 | വനിതാ തൊഴിൽ പരിശീലന കേന്ദ്രം, പുല്ലിക്കുത്ത് |
| 3 | വനിതാ വ്യവസായ പരിശീലന കേന്ദ്രം, താഴേക്കോട് |
| 4 | വനിതാ സ്വയം സഹകരണ സംഘ കെട്ടിടം, താഴേക്കോട് |
| 5 | വനിതാ തൊഴിൽ പരിശീലന കേന്ദ്രം, ഓങ്ങോട്, താഴേക്കോട് |
| 6 | SGSY കെട്ടിടം, മേലാറ്റൂർ |
| 7 | ഹെൽത്ത് സെന്റർ കെട്ടിടം, വെട്ടത്തൂർ |

അപാകത ചൂണ്ടിക്കാണിച്ച് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (20/25-02-2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിനോ അതാതു ആവശ്യങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ (ലൈഫ്) പദ്ധതിയിൽ ഉൾപ്പെട്ട ഏതാനും ഗഡുക്കൾ കൈപ്പറ്റിയ താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആകെ അനുവദിച്ച തുക |
|---|---|---|
| 1 | ദേവു, വട്ടപ്പറമ്പിൽ, W/0-അയ്യപ്പൻ | 222833 |
| 2 | അനീഷ, ചോലയിൽ, W/0- ഉണ്ണികൃഷ്ണൻ | 322500 |

ഇക്കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (<u>19/25.2.2020</u>) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 2015-16ൽ എഗ്രിമെന്റ് വെച്ച് 2018-19 വർഷത്തിലും ഭവന നിർമ്മാണം

പൂർത്തീകരിക്കാത്ത പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് -പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| (1)പ്രൊജക്ട്നം. /പേര് :156/18 പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിക്കൽ | അടങ്കൽ -1780739 (പ്ലാൻ ഫണ്ട് ) |
| ചെലവ് -982943/-<br>നിർവ്വഹണം -ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | ബിൽ നം-33/17-18/16.2.18 |
| 1.ഷ്രഡിങ് മെഷീൻ -453772<br>2.ബാലിങ് മെഷീൻ -463571<br>3.ഇൻസ്റ്റലേഷൻ ചാർജ്ജ് -24600<br>4.സൂപ്പർ വിഷൻ ചാർജ്ജ് (1 വർഷം) -41000<br>ആകെ -982943/- | കരാറുകാരൻ-ക്ലീൻ കേരള കമ്പനി<br>എഗ്രിമെൻറ് 1/17-18/9.11.17 |

| | |
|---|---|
| (2)പ്രൊജക്ട് /പേര് :138/18 പ്ലാസ്റ്റിക്ക് ,ഷ്രഡിങ് യൂണിറ്റ് വൈദ്യുതീകരണം | അടങ്കൽ -797794/- (പ്ലാൻ) |
| ചെലവ് -323256/-<br>നിർവ്വഹണം -ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി | ബിൽ നം-20/18-19/28.6.18<br>കോൺട്രാക്ടർ -ശ്രീ.സതീഷ് .എ.എസ് |

ബ്ലോക്ക് പഞ്ചായത്തു പരിധിയിൽ ഉള്ള ഗ്രാമ പഞ്ചായത്തുകളിലെ പ്ലാസ്റ്റിക്ക്മാലിന്യം ശേഖരിച്ച് സംസ്കരണം നടത്തി ബ്ളോക്ക് പഞ്ചായത്ത് ഏരിയ പ്ലാസ്റ്റിക്ക് മുക്തമാക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കി അംഗീകാരം വാങ്ങിയതാണ് മേൽ പ്രൊജക്ട്. പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് ബ്ലോക്ക് പഞ്ചായത്തിന്റെ 13.11.2017 ലെ 1(3) തീരുമാന പ്രകാരം താഴെക്കോട് വ്യവസായ എസ്റ്റേറ്റിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി ഉപകരണം "ക്ലീൻ കേരള കമ്പനി"യിൽ നിന്നും വാങ്ങുന്നതിനും വ്യവസായ എസ്റ്റേറ്റ് കെട്ടിടം ആയതിന്ന് വേണ്ടി വൈദ്യുതീകരണം നടത്തുന്നതിനും ലക്ഷ്യമിട്ടു. 2017-18 ൽ മെഷീൻ വാങ്ങി. 2018-19 ൽ സ്പിൽ ഓവർ പ്രൊജക്ടായി വൈദ്യുതീകരണവും നടത്തി .

എന്നാൽ മെഷീൻ സ്ഥാപിക്കുന്നതിന് തീരുമാനിച്ച സ്ഥലത്തെ പരിസരവാസികൾ പ്രക്ഷോഭം നടത്തിയതിനാൽ ഉപകരണങ്ങൾ താഴെക്കോട് ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കാൻ കഴിഞ്ഞില്ല. ആയതിനാൽ അവ അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിന് കൈമാറാൻ ഭരണസമിതി തീരുമാനിച്ചു. (ഇതിന്

സർക്കാരിൻറ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല) അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ മാലിന്യ സംസ്കരണ സ്ഥലത്ത് (വലമ്പൂർ -തോണിക്കര) 26.2.2020 ൽ സെക്രട്ടറിയുടെ പ്രധിനിധിയായി വി.ഇ.ഒ ശ്രീ.മനോജിനോടൗപ്പം ഓഡിറ്റ് ടീം നടത്തിയ സംയുക്ത പ്രാദേശിക പരിശോധനയിൽ ഉപകരണങ്ങൾ സ്ഥാപിക്കാത്ത നിലയിൽ കാണപ്പെട്ടു. ഉപകരണങ്ങൾ നാളിതുവരെ സ്ഥാപിക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യാത്തത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പ്രാദേശിക പരിശോധയിൽ ക്ലീൻ കേരള കമ്പനിയുടെ ബിൽ/ ഇൻവോയിസിൽ പറയും പ്രകാരമുള്ള സ്പെസിഫിക്കേഷനോട്ടുകൂടിയ മെഷിനറികളാണെന്ന് തിരിച്ചറിയുന്നതിനുള്ള രേഖകളൊന്നും മെഷിനറികളിൽ കാണാൻ കഴിഞ്ഞില്ല.ബിൽ/ ഇൻവോയ്സ് ക്ഷമതയുള്ള അധികാരസ്ഥാനങ്ങൾ (ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെൻറ് ) പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

<u>മറ്റ് അപാകതകൾ</u>

1. വേണ്ടത്ര പഠനം നടത്താതെയും മുന്നൊരുക്കങ്ങൾ നടത്താതെയും ഷ്രഡിങ് യൂണിറ്റ് പർച്ചേസ് ചെയ്തു .

2. താഴെക്കോട് ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ പ്രതിഷേധ**ത്തെ തുടർന്ന്** ഷ്രഡിങ് യൂണിറ്റ് **അങ്ങാടിപ്പുറം** ഗ്രാമ പഞ്ചായത്തിന് കൈമാറാൻ തീരുമാനിച്ചു .ആയതിന്ന് സർക്കാരിൻറ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല. അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്ത് ഉപകരണങ്ങൾആവശ്യപ്പെട്ടതിന്റെയോ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകിയതിന്റെയോ രേഖകൾപരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത്തരത്തിൽ ബ്ളോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ആസ്തിഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന്ന് സർക്കാരിൻ നിന്ന് മുൻകൂർ അനുമതിയും വേണമെന്നിരിക്കേ ആയത് ലഭ്യമാക്കാതെ കൈമാറിയത് ക്രമപ്രകാരമല്ല.

3. താഴെക്കോട് ഗ്രാമ പഞ്ചായത്തിലെ വ്യവസായ എസ്റ്റേറ്റ് കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ നടത്തിയതിന് ചെലവഴിച്ച തുക (323256 /-രൂപ ) പാഴ്ച്ചെലവായി . ആയത് ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

4. ക്ലീൻ കേരള കമ്പനിക്ക് ബിൽ പ്രകാരം നൽകിയ ഇൻസ്റ്റലേഷൻ ചാർജ്ജ്,സൂപ്പർ വിഷൻ ചാർജ്ജ്ജ് അടക്കമുള്ള തുക 65600/-രൂപ നൽകിയത് അംഗീകരിയ്ക്കുന്നില്ല.

5.പദ്ധതിയുടെ മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽകാരണങ്ങളാൽ ചെലവഴിച്ച തുകയിൽ ക്രമപ്രകാരമല്ലാത്ത 388586/-രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന്നും 917613/-രൂപ സർക്കാർ സാധൂകരണം ലഭ്യമാക്കുന്നത് വരെ തടസ്സത്തിൽ വെയ്ക്കുന്നു.

എൻക്വയറി നമ്പർ 25/18-19/25.2.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

# <u>ഭാഗം -4</u>

# <u>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13.8.19 മുതൽ 14.8.19 വരെ | കെ എസ് എ .എം പി എം4 /1329/2019 തീ.26.8.19 |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| മേലാറ്റൂർ ഗ്രാമപഞ്ചായത്ത് | 71712 | എടയാറ്റൂർ ആറ്റ്ത്രക്കോവിൽ ശിവക്ഷേത്രം തോട് സൈഡ് കെട്ടൽ | 71712 | 0 |
| ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 155000 | പി.എം.എ.വൈ (ജനറൽ) | 155000 | 0 |
| താഴേക്കോട് ഗ്രാമപഞ്ചായത്ത് | 20000 | പി.എം.എ.വൈ (ജനറൽ) | 20000 | 0 |
| ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് | 50000 | പി.എം.എ.വൈ (എസ് സി പി) | 50000 | 0 |
| അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് | 40000 | പി.എം.എ.വൈ (എസ് സി പി) | 40000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂഗർഭ ജല വകുപ്പ് | പറമ്പൂർ തലച്ചോല എസ് സി കോളനി കുടിവെള്ള പദ്ധതി | 1)40/18-19/11.10.2018-32330 2)70/18-19/17.1.19-560000 | 592330 | 592330 | പൂർത്തീകരിച്ച | 0 |
| ഭൂഗർഭ ജല വകുപ്പ് | കാവുംപുറം കോളനി കുടിവെള്ള പദ്ധതി | 41/18-19/26.10.18 | 31770 | 31770 | പൂർത്തീകരിച്ച | 0 |
| ഭൂഗർഭ ജല വകുപ്പ് | പാലക്കാകുഴി എസ് സി കോളനി കുടിവെള്ള പദ്ധതി | 1)42/18-19/26.10.18-34910 2)76/18- | 484910 | 484910 | പൂർത്തീകരിച്ച | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 19/23.1.19-450000 | | | | |
| കെ.എസ്.ഇ.ബി | വടക്കൻ പാലൂർകല്യാട് റോഡ് ത്രീ ഫേസ് ലൈൻ വലിക്കൽ | 43/18-19/26.11.18 | 278000 | 278000 | പൂർത്തീകരിച്ചു | 0 |
| കേരള ജല അതോറിറ്റി | വിളക്കത്ര പാറ - പൈപ്പ് ലൈൻ നീട്ടൽ | 77/18-19/12.1.19 | 300000 | 300000 | പൂർത്തീകരിച്ചു | 0 |
| കേരള ജല അതോറിറ്റി | മാലാപറമ്പ് - കുരിശ്പള്ളി കാരക്കട റോഡ് പൈപ്പ് ലൈൻ നീട്ടൽ | 26/18-19/11.8.18 | 700000 | 700000 | പൂർത്തീകരിച്ചു | 0 |
| കേരള ജല അതോറിറ്റി | കുതിരപ്പാറ-കനാൽ ഒടുവംകുന്ന് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | 70/18-19/24.12.18 | 380000 | 380000 | പൂർത്തീകരിച്ചു | 0 |
| ഭൂഗർഭ ജല വകുപ്പ് | കോതപ്പുറം എസ് സി കോളനി കുടിവെള്ള പദ്ധതി | 94/18-19/4.3.19 | 40000 | 40000 | പൂർത്തീകരിച്ചു | 0 |
| കേരള ജല അതോറിറ്റി | മേലേ അരിപ്ര പടിഞ്ഞാറെ കുളമ്പ് മുതൽ കടുങ്ങംപാറ കോളനി വരെ പൈപ്പ് ലൈൻ നീട്ടൽ | 98/18-19/26.3.19 | 400000 | 400000 | പൂർത്തീകരിച്ചു | 0 |
| കേരള ജല അതോറിറ്റി | വൈലോങ്ങര ജംഗ്ഷൻ മുതൽ വളാഞ്ചേരി റോഡിലേക്ക് വാട്ടർ | 73/18-19/17.1.19 | 61296 | 61296 | പൂർത്തീകരിച്ചു | 0 |

| | | | | | | |
|---|---|---|---|---|---|---|
| | അതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | | | |
| ഭൂഗർഭ ജല വകുപ്പ് | ളുത മണത്ര കുടിവെള്ള പദ്ധതി | 85/18-19/25.2.19 | 40000 | 36330 | പൂർത്തീകരിച്ചു | 3670 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ-

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 60-1 | 2000-01 | IV-91 a | വ്യവസായ സംരംഭകർക്ക് അനർഹമായ സാമ്പത്തിക സഹായം 34,405/-രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-98 | 60-2 | 2000-01 | IV-91 b | പട്ടികജാതിക്കാരുടെ വീട് വയറിംഗ് 33,325/- രൂപയുടെ നഷ്ടം | പരാമർശം നിലനിൽക്കുന്നു. |
| 1997-98 | 60-3 | 2000-01 | IV-91 c | കുഴൽ കിണർ കുഴിച്ചതിൽ 69,160/- രൂപയുടെ നഷ്ടം | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-7 | 2006-07 | 3-71-6 | മുൻകൂർ തുക കൈപ്പറ്റി -പണി പൂർത്തിയായില്ല-പദ്ധതി പണം പാഴായി. | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-21 | 2006-07 | 3-71-6 | മുൻകൂർ തുക കൈപ്പറ്റി -പണി പൂർത്തിയായില്ല-പദ്ധതി പണം പാഴായി. | പരാമർശം നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 2001-02 | 2-11 എ | 2007-08 | 3-1-50 | കരകൗശല നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രവൃത്തി തുടങ്ങിയില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2001-02 | 2-11 ബി | 2007-08 | 3-1-51 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം വനിത പ്രവൃത്തി തുടങ്ങിയില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2004-05 | 2-6 | 2007-08 | 3-61-4 | മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള നികുതി തുക ഗുണഭോക്തൃ സമിതി കൺവിനർക്ക് നൽകിയത്. | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-2 | 2007-08 | 3-60-1 | കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിക്ക് മുൻകൂർ നൽകിയ 75,020/- രൂപ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-3 | 2007-08 | 3-1-46 | 20 പ്രവൃത്തികൾക്ക് 1999 മുതൽ 2001-02 വരെ നൽകിയ മുൻകൂർ | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-4 | 2007-08 | 3-1-47 | 2 കുടിവെള്ള പദ്ധതികൾക്ക് മുൻകൂർ നൽകി. റവന്യൂ റിക്കവറി നടപടി വിവരം ലഭ്യമല്ല. | പരാമർശം നിലനിൽക്കുന്നു. |

# 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

| ക്രമനം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ് / സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1. | 1997-98 | 38, 48, 49, 50, 56, 57, 58(2), 58(4), 59, 60, 61, 65, 66, 67, 68, 69, 70, 72, 73 | എൻ.അലി, സെക്രട്ടറി | LF19238/ SP.CELL/ SC3/01 dtd.20.1.2013 | 241085 | 0 | 241085 | തുടർനടപടി വേണ്ട എന്നറിയിച്ചു. (ksa13658/ sl/15 dtd.17.3.16 |
| 2. | 1999-00 | 38(1), (2), 39(1), | പി.ഉണ്ണികൃഷ്ണൻ, അസി. എഞ്ചിനീയർ | LF3602/ SP.CELL/ | 71197 | 0 | 71197 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 40(1), 41(1), (2), 35,36(1), (2) | | SC5/05 dtd.2.6.2006 | | | | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 97166614 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 98986202 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 65600 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40323763 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | - | 65600 | ശ്രീ.അഷ്റഫ് പെരുമ്പള്ളി, ബി.ഡി.ഒ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 51768 | മിനിമോൾ . എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-15 | 1578900 | ശ്രീമതി.ജയകുമാരി, CDPO |
| 1-16 | 238000 | ശ്രീമതി.എലിസബത്ത് മാത്യു, കൃഷി അസിസ്റ്റൻറ് ഡയറക്ടർ |
| 1-18 | 67000 | ശ്രീമതി.സജിത.ടി.വി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-20 | 2106948 | ശ്രീ.അഷ്റഫ് പെരുമ്പള്ളി, ബി.ഡി.ഒ. |
| 1-21 | 9882793 | ശ്രീ.അഷ്റഫ് പെരുമ്പള്ളി, ബി.ഡി.ഒ. |
| 1-22 | 23619936 | ശ്രീ.അഷ്റഫ് പെരുമ്പള്ളി, ബി.ഡി.ഒ. |
| 1-23 | 98950 | ശ്രീ.അഷ്റഫ് പെരുമ്പള്ളി, ബി.ഡി.ഒ. |
| 1-24 | 299700 | ശ്രീ.അഷ്റഫ് പെരുമ്പള്ളി, ബി.ഡി.ഒ. |
| 1-25 | 493547 | ശ്രീ.അഷ്റഫ് പെരുമ്പള്ളി, ബി.ഡി.ഒ. |
| 1-26 | 299771 | ശ്രീ.അഷ്റഫ് പെരുമ്പള്ളി, ബി.ഡി.ഒ. |
| 1-27 | 650851 | ശ്രീ.അഷ്റഫ് പെരുമ്പള്ളി, ബി.ഡി.ഒ. |
| 3-1 | 1240599 | ശ്രീ.അഷ്റഫ് പെരുമ്പള്ളി, ബി.ഡി.ഒ. |
| ആകെ | 40323763 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അഷ്റഫ് പെരുമ്പള്ളി,ബി.ഡി.ഒ. | ബി.ഡി.ഒ, പെരിന്തൽമണ്ണ ബ്ലോക്ക്, മലപ്പുറം ജില്ല | ശ്രീ.അഷ്റഫ് പെരുമ്പള്ളി,<br>s/o അലവി. പി<br>പെരുമ്പള്ളി ഹൗസ്<br>മക്കരപ്പറമ്പ്, മലപ്പുറം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFM12/178/2002 Dt:20/09/2000 | 27 |
| 1999-00 | LFM4/916/2002 Dt:01/01/2004 | 14 |
| 2000-01 | LFM16/375/2006 Dt:18/10/2006 | 17 |
| 2001-02 | LFM16/1531/2006 Dt:03/11/2007 | 31 |
| 2002-03 | LFM16/900/2007 Dt:12/11/2007 | 17 |
| 2003-04 | LFM16/901/2007 Dt:01/12/2007 | 5 |
| 2004-05 | LFM16/902/2007 Dt:06/12/2007 | 5 |
| 2005-06 | LFM16/903/2007 Dt:03/12/2007 | 5 |
| 2006-07 | LFM16/233/2008Dt:28/06/2008 | 20 |
| | | |

| | | |
|---|---|---|
| 2007-08 | LFM4/285/2013 Dt:30/03/2013 | 14 |
| 2008-09 | LFM12/1446/2010 Dt:07/09/2012 | 20 |
| 2009-10 | LFM4/1816/2011 Dt:06/02/2012 | 12 |
| 2010-11 | LFM4/364/15 Dt 6-6-15 | 14 |
| 2011-12, 2012-13 | LFM4/841/2014 Dt:19/05/2014 | 17 |
| 2013-14 | LFM4/2449/2014 Dt: 23-4-15 | 9 |
| 2014-15 | LFM4/2405/2015 Dt: 27-7-16 | 8 |
| 2015-16 | KSAMPM/4/543/2017Dt.17.3.2017 | 10 |
| 2016-17 | KSAMPM4/2484/2017Dt.30.11.2017 | 20 |
| 2017-18 | KSAMPM4 /2873/2018 DT.28/10/19 | 19 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.എം.പി.എം. 4/1329/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505, ഫോൺ - 0483 2734951

ഇ-മെയിൽ : dompm.ksad@kerala.gov.in

തീയ്യതി : 26/08/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പെരിന്തൽമണ്ണ ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം